(ബി) ബ്രിഡ്ജ് കണ്ടീഷൻ ഇൻഡക്സ് പ്രകാരം പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം അത്യാവശ്യമാണെന്ന റിപ്പോർട്ടിൻമേൽ പുനർ നിർമ്മാണത്തിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

നടപടി സ്വീകരിച്ചുവരുന്നു.

വെങ്ങര റെയിൽവേ മേൽപ്പാലം

95 (705) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ ധനകാര്യ അനുമതി ലഭിച്ച് 2-11-2020-ന് ടെണ്ടർ ഉടമ്പടി ഒപ്പുവച്ച വെങ്ങര റെയിൽവേ മേൽപ്പാലം നിർമ്മാണം, റെയിൽവേയുടെ മുകളിലുള്ള സ്പാൻ ഡിസൈൻ ചെയ്ത് എട്ട് മാസം കഴിഞ്ഞിട്ടും റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതിനോ നിർമ്മാണം തുടങ്ങാനോ കഴിയാത്തതിനാൽ, പ്രസ്തുത അംഗീകാരം എത്രയുംവേഗം ലഭ്യമാക്കി പ്രവൃത്തി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഈ പ്രവൃത്തിയുടെ റെയിൽവേ ലൈനിനുമുകളിൽ വരുന്ന ഭാഗത്തിന്റെ അലൈൻമെന്റ് കെ.ആർ.എഫ്.ബി. അംഗീകരിച്ച് റെയിൽവേയ്ക്ക് തിരിച്ചു നൽകിയിട്ടുണ്ട്. ഈ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം പ്രവൃത്തി തുടങ്ങാനാവശ്യമായ പൂർണ്ണ ഡിസൈൻ ഡ്രോയിംഗ് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ഉടൻതന്നെ പ്രവൃത്തി തുടങ്ങുന്നതാണ്.

കണ്ടറ -പള്ളിമുക്ക് മേൽപ്പാലം

96(706) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗത്തിന്റെ കീഴിൽവരുന്ന കണ്ടറ-പള്ളിമുക്ക് മേൽപ്പാലവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 744-ൽ ഗതാഗതക്കുരുക്കുള്ള കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻവരെ 3 കീലോമീറ്റർ നാലുവരിപ്പാതയാക്കുന്നതിനും കണ്ടറ-പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്ബിയിലുൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി 27-5-2020-ലെ സ.ഉ. (സാധാ) നമ്പർ 480/2020/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസി കെ.ആർ.എഫ്.ബി. ആണ്. പള്ളിമുക്ക് മേൽപ്പാലം നിർമ്മാണത്തിനുള്ള സർവ്വേ പ്രവൃത്തികൾ നടന്നുവരുന്നു. മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly